# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

11.06.2014 – ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 769

## പാലക്കാട് ജില്ലയിൽ ജനനി സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആയുർവേദ വകുപ്പിന്റെ കീഴിൽ ജനനി സുരക്ഷാ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കി വരുന്നത്; | (എ) ആയുർവേദ വകുപ്പിന്റെ കീഴിൽ വയനാട് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് വയനാട് ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളിലും, ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് കുടയത്തൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിലും ജനനി സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളാണ് പ്രസ്തുത പദ്ധതിക്കു കീഴിൽ വരുന്നത്; | (ബി) പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതി അനുസരിച്ച് ആയുർവേദ വകുപ്പ് നൽകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) പ്രസ്തുത പദ്ധതി അനുസരിച്ച് വയനാട് ജില്ലയിൽ ഗർഭിണികൾക്ക് രണ്ടാം മാസം മുതലും പ്രസവാനന്തരം രണ്ടാം മാസം വരെയുമുള്ള ഔഷധങ്ങൾ നൽകി വരുന്നു. കൂടാതെ എല്ലാ മാസവും ഗർഭിണികളെ പരിശോധിക്കുകയും |

ബോധവൽക്കരണം നൽകുകയും ചെയ്യുന്നു. ഇടുക്കി ജില്ലയിൽ ഗർഭിണികൾക്കുള്ള ആയുർവേദ വൈദ്യസഹായം , പ്രസവശേഷം 45 ദിവസം വരെ ആയുർവേദ പ്രസവരക്ഷാ ഔഷധങ്ങൾ, നവജാത ശിശുക്കൾക്കുള്ള ആയുർവേദ വൈദ്യസഹായം , ബോധവത്കരണ ക്ലാസുകൾ, ഗർഭസ്ഥ ശിശുവിന്റെ ചലനശേഷി നിർണയിക്കുന്നതിനുള്ള അൾട്രാ സൗണ്ട് സ്കാനിംഗ് എന്നീ കാര്യങ്ങൾ കടയത്തൂർ ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ